**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**

## കേരള എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലേക്കുള്ള പ്രവേശനം-2022 ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2022-23 അധ്യയന വർഷത്തെ കേരള എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലേക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയുടെ ഭാഗമായുള്ള ട്രയൽ അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **18.09.2022** വരെ ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ അലോട്ട്മെന്റ് യഥാർത്ഥ പ്രവേശനം ഉറപ്പ് വരുത്തുന്നില്ല. ഒരു വിദ്യാർത്ഥിക്ക് പ്രവേശനം ലഭിക്കാനുള്ള കോഴ്സ്/കോളേജ് സാധ്യത മാത്രമാണ് ട്രയൽ അലോട്ട്മെന്റ് സൂചിപ്പിക്കുന്നത്. ഈ സാധ്യതകൾ മനസ്സിലാക്കി വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ സമർപ്പിക്കുന്നതിനും ഇതിനോടകം നൽകിയ ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും **20.09.2022 രാവിലെ 10.00 മണി വരെ** സമയം ലഭ്യമാണ്. ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴ്സ്, കോളേജ് കോമ്പിനേഷനുകളിലേയ്ക്ക് പിന്നീട് ഒരു ഘട്ടത്തിലും ഓപ്ഷനുകൾ നൽകാൻ അവസരമുണ്ടായിരിക്കുന്നതല്ല.

**കുറിപ്പ്**

1. ഓപ്ഷനുകൾ ഉൾപ്പെടുത്തിയിരുന്ന തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ Cyber Physical Systems, Computer Science and Engineering, Kannur Anjarakandi, Malabar Institute of Technology ലെ Civil Engineering, Electrical & Electronics Engineering, Mechanical Engineering എന്നീ കോഴ്സുകളിലേക്ക് വിവിധ കാരണങ്ങളാൽ ട്രയൽ അലോട്ട്മെന്റ് നടത്തിയിട്ടില്ല. പ്രസ്തുത കോഴ്സുകളെ ഒന്നാം ഘട്ട അലോട്ട്മെന്റിലും ഉൾപ്പെടുത്തുന്നതല്ല. മുകളിൽ പറഞ്ഞ കോഴ്സുകളിലേക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് പ്രസ്തുത കോഴ്സുകൾ പുനഃക്രമീകരിക്കാവുന്നതാണ്.
2. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മുസ്ലീം മൈനോറിറ്റി സീറ്റുകൾ ഒഴികെയുള്ള മറ്റ് സമുദായ ക്വാട്ട/രജിസ്റ്റേർഡ് സൊസൈറ്റി/രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ടാ സീറ്റുകളിലും/സഹകരണ ജീവനക്കാരുടെ മക്കൾക്കായി മാറ്റി വച്ചിട്ടുള്ള സീറ്റുകളിലേക്കും ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തിയിട്ടില്ല.

**ഹെൽപ് ലൈൻ നം : 0471 2525300**

Sd/-
**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
18.09.2022